**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2198

18/07/2016 ൽ മറുപടിയ്ക്ക്

## ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വർഷങ്ങളായി വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അധീനതയിൽ ഉള്ളതും എന്നാൽ പട്ടയം നൽകാത്തതുമായ എത്ര ഭൂമി കാസർഗോഡ് ജില്ലയിൽ ഉണ്ട്; വില്ലേജുകൾ തിരിച്ചുള്ള കണക്ക് നൽകാമോ; വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളും അവരുടെ കൈവശമുള്ള ഭൂമിയുടെ കണക്കും വ്യക്തമാക്കാമോ;<br><br>(ബി) തങ്ങളുടെ അധീനതയിലുള്ള ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് എത്ര വ്യക്തികളും സ്ഥാപനങ്ങളും അപേക്ഷകൾ നൽകിയിട്ടുണ്ട്; ഏതെങ്കിലും അപേക്ഷ പരിഗണിച്ചിട്ടുണ്ടോ; പരിഗണിക്കപ്പെട്ട അപേക്ഷകളിന്മേൽ എടുത്ത തീരുമാനം എന്തായിരുന്നു. തീർപ്പു കൽപ്പിക്കാൻ ഇനി എത്ര അപേക്ഷകൾ ബാക്കിയുണ്ട്. ഈ അപേക്ഷകളിന്മേൽ എന്ത് തീരുമാനമെടുക്കാനാണ് ഉദ്ദേശിക്കുന്നത്? | (എ) & (ബി) കാസറഗോഡ് ജില്ലയിൽ വിവിധ വില്ലേജുകളിലായി വർഷങ്ങളായി വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അധീനതയിൽ ഉള്ളതും പട്ടയം നൽകാത്തതുമായ 333.8 ഏക്കർ ഭൂമി ഉണ്ട്. കാസർഗോഡ് ജില്ലയിൽ വിവിധ വില്ലേജുകളിലായി തങ്ങളുടെ അധീനതയിൽ ഉള്ള ഭൂമി പതിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് 2032 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ തീർപ്പുകല്പിക്കാൻ ഇനി 1575 അപേക്ഷകൾ ബാക്കിയുണ്ട്. നിലവിൽ സ്ഥാപനങ്ങൾക്ക് ഭൂമി പതിച്ച് നൽകേണ്ടതില്ലെന്ന തീരുമാനമുള്ള തിനാൽ സ്ഥാപനങ്ങൾക്ക് ഭൂമി പതിച്ചു കൊടുക്കുന്നതിനുള്ള അപേക്ഷ നിലവിൽ പരിഗണിക്കുവാൻ കഴിയില്ല. വ്യക്തികളുടെ അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ കേരള ഭൂമി പതിവ് നിയമപ്രകാരം പരിഗണിച്ചു വരുന്നു. വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളും അവരുടെ കൈവശമുള്ള ഭൂമിയുടെ കണക്കും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**